# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 133/2025** **തിരുവനന്തപുരം, തീയതി: 19.06.2025**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2025-26 അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 30.06.2025 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.ടി. കോളേജുകളിലെ 2025-26 അധ്യയന വർഷത്തിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2025 ജൂൺ 30 വരെ ദീർഘിപ്പിച്ചിരിക്കുന്നു. പുതുക്കിയ ഷെഡ്യൂൾ ഉടനെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക (https://admissions.keralauniversity.ac.in). സംശയനിവാരണത്തിനായി 8281883052 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## കേരളസർവകലാശാല ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം – 2025 ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2025-26 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് സർവകലാശാല വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/fyugp2025) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല അഡ്മിഷൻ ഫീസ് പ്രൊഫൈലിൽ നിന്നും ഓൺലൈനായി ഒടുക്കി (Transaction Success എന്ന് രേഖപ്പെടുത്തിയിട്ടുള്ള രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത ശേഷം കോളേജിൽ ഹാജരായി പെർമനന്റ്/ ടെമ്പററി അഡ്മിഷൻ എടുക്കേണ്ടതാണ്.

യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, ഗവൺമെന്റ് വിമൻസ് കോളേജ്, വഴുതക്കാട് എന്നിവിടങ്ങളിൽ 21.06.2025 ൽ കോളേജിൽ ഹാജരാകാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾ 23.06.2025 ൽ കോളേജിൽ ഹാജരാകേണ്ടതാണ്.

സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കാത്തവരുടെയും, ഫീസടച്ച ശേഷം കോളേജിൽ ഹാജരായി പെർമനന്റ്/ടെമ്പററി അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെയും അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടാം അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അവർക്ക്

ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി കോളേജിൽ ഹാജരായി പെർമനന്റ്/ടെമ്പററി അഡ്മിഷൻ എടുക്കേണ്ടതാണ്.

വിദ്യാർത്ഥികൾ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അഡ്മിഷൻ ഉറപ്പാക്കിയ ശേഷം ഹയർ ഓപ്ഷനുകൾ (അലോട്ട്മെന്റ് കിട്ടിയ ഓപ്ഷന് മുകളിലുള്ളവ) ജൂൺ 24 ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുകയും അപ്രകാരം ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്. ടെമ്പററി അഡ്മിഷൻ സംവിധാനം ആദ്യ അലോട്ട്മെന്റിൽ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ (APAAR) ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ (APAAR) ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ (APAAR) ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബിഎച്ച്എം/ ബിഎച്ച്എംസിറ്റി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കുവാനുള്ള അവസാന തീയതി 2025 ജൂൺ 27. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎസ്സി സൈക്കോളജി (മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **exams.keralauniversity.ac.in** മുഖേന 2025 ജൂൺ 28 ന് മുൻപ് ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എംഎസ്സി ഫിസിക്സ് (മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **exams.keralauniversity.ac.in** മുഖേന 2025 ജൂൺ 29 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തുന്ന ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട് സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബിഎച്ച്എം) (2006 സ്കീം – 2011 സ്കീം - മേഴ്സിചാൻസ് - 2006 – 2013 അഡ്മിഷൻ) പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂലൈ 29 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽഎൽബി (ത്രിവത്സര) (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2019 – 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2011 – 2018 അഡ്മിഷൻ) പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് 2025 ജൂലൈ 15 വരെ അപേക്ഷിക്കാം. യോഗ്യത : പ്ലസ് ടു /പ്രീ ഡിഗ്രി ജയിച്ചിരിക്കണം, കോഴ്സ് കാലാവധി : ആറ് മാസം, ക്ലാസുകൾ : ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ് : Rs. 9000/-, ഉയർന്ന പ്രായപരിധി ഇല്ല. www.keralauniversity.ac.in നിന്നും Academic - Centres - Centre for Adult Continuing Education and Extension page) അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് SBI യിൽ A/c. No. 57002299878 ൽ Rs. 100/- രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം പി.എം.ജി. ജംഗ്ഷനിലെ സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്സിലെ CACEE ഓഫീസിൽ എത്തിക്കേണ്ടതാണ്. Phone : 0471-2302523.

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി (CDC) സഹകരിച്ചു നടത്തുന്ന, പി.ജി. ഡിപ്ലോമ ഇൻ അഡോളസെന്റ് ആന്റ് ഫാമിലി കൗൺസിലിംഗ് കോഴ്സിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യത : M.A Psychology/ Sociology/Anthropology/ MSW/ MSc. Child Development/Home Science/ Nutrition or any other Masters Degree/ B.Sc Nursing/ PGDCCD or DCCD with graduation recognized by Kerala University. ഒരു വർഷമാണ് കോഴ്സ് കാലാവധി. ഉയർ പ്രായപരിധിയില്ല. കോഴ്സ് ഫീസ് : Rs. 25000/-. www.keralauniversity.ac.in നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷാഫോമും SBI ബാങ്കിൽ A/C No. 57002299878 ൽ Rs. 500/- രൂപ അടച്ച രസീത് അല്ലെങ്കിൽ CACEE ഡയറക്ടറുടെ പേരിൽ SBI യിൽ നിന്നും എടുത്ത Rs. 500/- രൂപയുടെ D.D യും സർട്ടിഫിക്കറ്റുകളുടെ കോപ്പികളും സഹിതം സി.എ.സി.ഇ.ഇ. ഓഫീസിൽ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. പൂരിപ്പിച്ച അപേക്ഷകൾ ഡയറക്ടർ, സി.എ.സി.ഇ.ഇ., യൂണിവേഴ്സിറ്റി ഓഫ് കേരള, സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്, പി.എം.ജി. ജംഗ്ഷൻ, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2025 ജൂലൈ 10. വിശദവിവരങ്ങൾക്ക് ഫോൺ: CACEE - 0471-2302523, CDC - 0471 2553540.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠന കേന്ദ്രങ്ങളിൽ (യു.ഐ.എം. ആലപ്പുഴ, പുനലൂർ, അടൂർ, വർക്കല, കൊല്ലം, ഐ.സി.എം പൂജപ്പുര) എംബിഎ (ഫുൾടൈം) കോഴ്സിലേക്കുള്ള 2025- 26 വർഷത്തെ പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ 2025 ജൂൺ 25 ന് കാര്യവട്ടം ഐ.എം.കെ യിൽ വച്ച് രാവിലെ 10 മുതൽ 2.00 വരെ നടത്തുന്നു. സ്പോട്ട് അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1000/- രൂപയും SC/ST വിഭാഗത്തിന് 500/- രൂപയുമാണ്.

## 2023 വർഷത്തിലെ ശ്രീ നാരായണ ഗുരു എൻഡോവ്മെന്റ് അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു

2023 വർഷത്തിലെ ശ്രീ നാരായണ ഗുരു എൻഡോവ്മെന്റ് അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകന് വേണ്ട യോഗ്യതയും മറ്റ് മാനദണ്ഡങ്ങളും

വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യോഗ്യരായവർ 2025 ജൂലൈ 18 ന് മുൻപായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (**www.keralauniversity.ac.in**).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**